# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## <u>സർക്കുലർ</u>

**നമ്പർ : 17/2017 /സം.തി.ക.** **തീയതി : 29.08.2017**

വിഷയം :- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - മട്ടന്നൂർ നഗരസഭ - പൊതു തിരഞ്ഞെടുപ്പ് 2017 – വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ.

സൂചന :-
1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 24.06.2017-ലെ 70/2017/സം.തി.ക & 71/2017/സം.തി.ക നമ്പർ വിജ്ഞാപനങ്ങൾ.
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04.07.2017-ലെ 72/2017/സം.തി.ക. നമ്പർ വിജ്ഞാപനം.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 20, 21 വകുപ്പുകളിൽ മുനിസിപ്പാലിറ്റികളിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുനിസിപ്പാലിറ്റികളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരുടെയും തിരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. മട്ടന്നൂർ നഗരസഭയിൽ ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യകാര്യം, മരാമത്ത് കാര്യം, വിദ്യാഭ്യാസ കലാ കായിക കാര്യം എന്നിങ്ങനെ 6-സ്റ്റാന്റിംഗ് കമ്മിറ്റികളാണ് രൂപീകരിക്കേണ്ടതാണ്.
2. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലെയും അംഗങ്ങളുടെ എണ്ണം 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ പട്ടിക-II പ്രകാരമായിരിക്കണം.
3. മട്ടന്നൂർ നഗരസഭയിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരുടെയും തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള വരണാധികാരിയായി കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ചുമതലപ്പെടുത്തി കമ്മീഷൻ സൂചന വിജ്ഞാപനം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.
4. നഗരസഭയിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള കൗൺസിലർമാരുടെ യോഗം, 2017 സെപ്റ്റംബർ 23-ാം തീയതി വിളിച്ചുചേർക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരുടെ തിരഞ്ഞെടുപ്പ് 2017 സെപ്റ്റംബർ 28-ന് നടത്തേണ്ടതുമാണ്.
5. വരണാധികാരി സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം വിളിച്ച് കൂട്ടുന്നതിന് സ്ഥലം, തീയതി, സമയം എന്നിവ കാണിച്ച്കൊണ്ടുള്ള നോട്ടീസ് എല്ലാ തിരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർക്കും യോഗതീയതിക്ക് 5-ദിവസം മുമ്പും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗത്തിന്റെ നോട്ടീസ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും യോഗ തീയതിക്ക് രണ്ട് ദിവസം മുമ്പും നൽകേണ്ടതാണ്.മേൽ പറഞ്ഞ ദിവസങ്ങളിൽ പ്രഖ്യാപിത ഒഴിവു ദിവസങ്ങൾ ഉൾപ്പെടുന്നതും നോട്ടീസ് കൈപ്പറ്റിയ തീയതിയും യോഗം കൂടുന്ന തീയിയും ഉൾപ്പെടാത്തതും ആകുന്നു.
6. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ മത്സരിക്കാൻ താല്പര്യമുള്ള കൗൺസിലർമാർ നാമനിർദ്ദേശം വരണാധികാരിയെ ഏൽപ്പിക്കേണ്ട അവസാന തീയതിയും സമയവും കൂടി പ്രസ്തുത നോട്ടീസിൽ കാണിച്ചിരിക്കേണ്ടതാണ്. അതായത്, കഴിയുന്നതും യോഗം ചേരാൻ നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ടു മുമ്പുവരെയുള്ള ഒരു ക്ലിപ്ത സമയം നോമിനേഷൻ സ്വീകരിക്കുന്നതിന് നിശ്ചയിച്ച് നോട്ടീസ് നൽകാവുന്നതാണ്.
7. ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണവും സ്ഥാനാർത്ഥികളുടെ എണ്ണവും തുല്യമാണെങ്കിൽ അങ്ങനെയുള്ള സ്ഥാനാർത്ഥികളെ യഥാവിധി തിരഞ്ഞെടുത്തതായി വരണാധികാരി പ്രഖ്യാപിക്കണം. എന്നാൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തേക്കാൾ കുറവാണ് സ്ഥാനാർത്ഥികളുടെ എണ്ണമെങ്കിൽ അങ്ങനെയുള്ള സ്ഥാനാർത്ഥികൾ തിരഞ്ഞെടുത്തതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും ബാക്കി ഒഴിവുള്ള സ്ഥാനത്തേയ്ക്ക് 5-ദിവസത്തിനകം യോഗം വിളിച്ച് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

8. സ്ഥാനാർത്ഥികളുടെ എണ്ണം ഒഴിവുള്ള സ്ഥാനത്തെക്കാൾ കൂടുതലാണെങ്കിൽ യോഗത്തിൽ ഹാജരായിട്ടുള്ള കൗൺസിലർമാർ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റക്കൈമാറ്റ വോട്ടുമൂലം വോട്ടെടുപ്പ് നടത്തി അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്.
9. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേയ്ക്ക് സ്ത്രീകളല്ലാത്ത അംഗങ്ങൾ സ്ഥാനാർത്ഥികളാകാൻ പാടില്ലാത്തതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സ്ഥാനങ്ങളിൽ, വികസനകാര്യം, ആരോഗ്യകാര്യം, വിദ്യാഭ്യാസ കലാകായികകാര്യം എന്നിവ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് സൂചന (2) പ്രകാരം കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.
10. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർപേഴ്സൺമാരുടേയും തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കമ്മീഷൻ കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കെ. വി. മുരളീധരൻ**
സെക്രട്ടറി

1. കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ & വരണാധികാരി, മട്ടന്നൂർ നഗരസഭ
2. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, കണ്ണൂർ.

പകർപ്പ് :-
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർ, കോഴിക്കോട്.
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
സീനിയർ ഫിനാൻസ് മാനേജർ,ലാ ഓഫീസർ
പബ്ലിക്ക് റിലേഷൻസ് ഓഫീസർ
കമ്മീഷണറുടെ സി.എ / സെക്രട്ടറിയുടെ സി.എ.
കമ്പ്യൂട്ടർ പ്രോഗ്രാമർ,ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,
**ഒപ്പ്**
സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in